# പതിന്നാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1064 — 30/09/2016 ൽ മറുപടിക്ക്

## തെരുവ് നായ്ക്കൾക്കെതിരായ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാപോറ്റി | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | തെരുവ് നായ്ക്കളുടെ നശീകരണത്തിനായി സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കാമോ; | എ) 1960-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ ആക്ടിലെ 13-ാം വകുപ്പ് പ്രകാരം പേവിഷബാധയേറ്റ നായ്ക്കളെ കൊല്ലുന്നത് മാത്രം അനുവദനീയമാണ്. അനിമൽ ബർത്ത് കൺട്രോൾ റൂൾ 2001 -ലെ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായ്ക്കളെ മാത്രമെ കൊല്ലുവാൻ നിയമം അനുവദിക്കുന്നുള്ളൂ. |
| ബി) | തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനായി പൊതുജനങ്ങളുടെയും എൻ.ജി.ഒ.കളുടെയും സഹകരണത്തോടെ പദ്ധതികൾ രൂപീകരിച്ച നടപ്പിലാക്കുമോ; | ബി) നടപ്പിലാക്കുന്നതാണ്. |
| സി) | തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ പ്രയാസങ്ങൾ നേരിടുന്നവർക്ക് സർക്കാർ എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ? | സി) ബഹു. സുപ്രീംകോടതി 05/04/2016 ൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട ബഹു.റിട്ട. ജസ്റ്റിസ്. സിരിജഗൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം, തെരുവ്നായ്ക്കളുടെ ആക്രമണത്തിന് ഇരയായിട്ടുള്ളവർക്ക് പ്രസ്തുത കമ്മിറ്റി മുൻപാകെ പരാതികൾ ബോധിപ്പിക്കാവുന്നതാണ്. പ്രസ്തുത കമ്മിറ്റിയാണ് നഷ്ടപരിഹാരം സംബന്ധിച്ച് തുടർനടപടികൾ നിർദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ